1

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

## 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

**2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ
ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്]

995/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2021-2023)

**ഘടന**

ചെയർപേഴ്സൺ :

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീമതി സി. കെ. ആശ, എം.എൽ.എ.

ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.

ശ്രീമതി ദെലീമ, എം.എൽ.എ.

ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീമതി കെ. കെ. രമ, എം.എൽ.എ.

ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന (പോഷകാഹാരം) എന്നിവയിൻമേലുള്ള 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനെയും ആയുഷ് വകുപ്പിനെയും സംബന്ധിച്ച 78 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ എല്ലാ ശിപാർശകളിൻമേലും മറുപടി ലഭിക്കുകയും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ 2021 ജൂലൈ 1-ാം തീയതി ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ടിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-2021)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2021, ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**

തിരുവനന്തപുരം,
2021 ജൂലൈ 1.

*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

# റിപ്പോർട്ട്

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യകുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

**സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും**

ധനാഭ്യർത്ഥന നമ്പർ XVIII

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

**ആരോഗ്യവകുപ്പ്**

ശിപാർശ (ഖണ്ഡിക 1)

2210-01-110-40—ജില്ലാ മാനസികാരോഗ്യ പരിപാടി

മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി, വിഷാദ രോഗികൾക്കായുള്ള ആശ്വാസം പദ്ധതി, അമ്മ മനസ്സ് തുടങ്ങിയ പരിപാടികൾ നടത്തി വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധതരത്തിലുള്ള മാനസിക പ്രശ്നങ്ങൾ ഉള്ളവർക്ക് ചികിത്സയും മരുന്നും നൽകുന്നതിനും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം 1.53 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-01-110-40- കോവിഡ് 19 സാഹചര്യങ്ങൾമൂലം ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടത്താൻ കഴിയാത്തതിനാൽ അധിക തുക ആവശ്യം വന്നില്ല.

ശിപാർശ (ഖണ്ഡിക 2)

2210-06-003-90—സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം, തിരുവനന്തപുരം

മാറിവരുന്ന രോഗാവസ്ഥകളും പകർച്ചവ്യാധികളും തരണം ചെയ്യുന്നതിനായി ആരോഗ്യവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് 2020-21 സാമ്പത്തിക വർഷത്തിലേക്കായി 1 കോടി 5 ലക്ഷം രൂപയുടെ വിശദമായ പ്രൊപ്പോസലാണ്

സമർപ്പിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിലേയ്ക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2210-06-003-90—കോവിഡ്-19 സാഹചര്യങ്ങൾമൂലം ഓൺലൈൻ പരിപാടി ഒഴിച്ച് മറ്റ് പരിശീലന പരിപാടികൾ നടത്താൻ കഴിയാത്തതിനാൽ അധികം തുക ആവശ്യം വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 3)</u>

2210-06-101-53—<u>പാവപ്പെട്ടവർക്കു വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി</u>

പാവപ്പെട്ട രോഗികൾക്ക് ചികിത്സാസഹായം നൽകുന്ന പദ്ധതിയ്ക്കായി അനുവദിച്ച തുക 2019-2020 സാമ്പത്തികവർഷം ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് മാത്രമേ തികയുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. 2020-21 സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 1500-ഓളം അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2210-06-101-53—2020-2021 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചു നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 4)</u>

4210-01-110-74—<u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ</u>

ആരോഗ്യവകുപ്പിൻ കീഴിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കേണ്ടത് മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിന് വളരെ പ്രധാനമാണെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ സ്ഥാപനങ്ങളിൽ നിന്നായി 50 കോടി രൂപയുടെ പ്രൊപ്പോസലുകൾ പരിഗണനയിലുള്ളതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 15 കോടി രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

4210-01-110-74- 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ച നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 5)</u>

4210-03-105-41—<u>പുതിയ മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട</u>

കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന്റെ ഭാഗമായി 11 കെ.വി. സബ് സ്റ്റേഷൻ പണിയേണ്ടതുള്ളതിനാൽ മേൽ ശീർഷകത്തിലനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിലേയ്ക്ക് 2.433 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോന്നി മെഡിക്കൽ കോളേജിന്റെ 4210-03-105-41 (പ്ലാൻ) ശീർഷകത്തിൽ ബജറ്റ് വിഹിതത്തിനു പുറമെ അധിക തുക അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നെങ്കിലും ആയത് വകയിരുത്താൻ സാധിച്ചില്ല. എന്നാൽ മെഡിക്കൽ കോളേജിന്റെ കൺസൾട്ടന്റായ HLL-ന് നൽകിയ പ്രോജക്റ്റ് ഫണ്ടിന്റെ പലിശത്തുകയിൽ നിന്നും 11 കെ.വി. സബ് സ്റ്റേഷൻ പണിയുന്നതിനുള്ള തുകയായ 2.433 കോടി രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകുകയും പ്രസ്തുത തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6)

4210-03-105-66—<u>പുതിയ മെഡിക്കൽ കോളേജ്, ഇടുക്കി</u>

ഇടുക്കിയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അനുമതി ലഭിച്ചതായി സമിതി മനസ്സിലാക്കുന്നു. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും നടപ്പ് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമാകാതെവരികയാണെങ്കിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇടുക്കി മെഡിക്കൽ കോളേജിലെ ആശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികൾക്കും, മാലിന്യ സംസ്കരണ പ്ലാന്റ്, റോഡ് - പ്രൊട്ടക്ഷൻ വർക്കുകൾ എന്നിവയ്ക്കും 4210-03-105-66 (പ്ലാൻ) ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് അനുവദിക്കാൻ സാധിച്ചില്ല.

<u>ശിപാർശ (ഖണ്ഡിക 7)</u>

4210-03-105-63—<u>പുതിയ മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം</u>

മഞ്ചേരി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഭൂമി ഏറ്റെടുക്കലിനും നിലവിൽ നൽകാനുള്ള തുകയും നടപ്പു വർഷത്തേയ്ക്കാവശ്യമായ തുകയും ചേർന്ന് നടപ്പ് ബജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 60.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മഞ്ചേരി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4210-03-105-63 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച തുക മുഴുവനായും വിനിയോഗിച്ചതിനു പുറമേ കണ്ണൂർ മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21-ലെ ബജറ്റ് വിഹിതമായി അനുവദിച്ച 10 കോടി രൂപ ധനപുനഃവിനിയോഗം വഴി മഞ്ചേരി മെഡിക്കൽ കോളേജിലെ റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതിന്റെ തുക നൽകുന്നതിനായി 2,13,44,000 രൂപ 4210-03-105-63 (പ്ലാൻ) ശീർഷകത്തിൽ അധിക വിഹിതമായി അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 8)</u>

2210-01-001-99-<u>ആരോഗ്യ സേവന ഡയറക്ടറുടെ കാര്യാലയം</u>

ആരോഗ്യ സേവന ഡയറക്ടറുടെ കാര്യാലയത്തിൽ ജീവനക്കാരുടെ യാത്രാബത്ത, ട്രാൻസ്പോർട്ട് വിഭാഗത്തിന്റെ ഇന്ധന ചെലവ്, വാഹന ചെലവ്, മറ്റിനങ്ങൾ എന്നിവയ്ക്ക് അധികഫണ്ട് ആവശ്യമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരേ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-01-001-99-04-1 | : 1 ലക്ഷം രൂപ |
| 2210-01-001-99-05-4 | : 1.5 ലക്ഷം രൂപ |
| 2210-01-001-99-21-2 | : 12.5 ലക്ഷം രൂപ |
| 2210-01-001-99-45 പി.ഒ.എൽ. | : 19 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

2210-01-001-99-05-4- NP ശീർഷകത്തിൽ 3,50,000 രൂപ ധനപുനഃക്രമീകരണം മുഖേന 2019-20 സാമ്പത്തിക വർഷം (25-2-2020) അനുവദിച്ചു. സമിതി ശിപാർശ ചെയ്ത മറ്റ് ശീർഷകങ്ങളിൽ അധിക ധനമൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 9)

2210-01-110-85-05-1—മാനസികാരോഗ്യ കേന്ദ്രം തിരുവനന്തപുരം-ഓഫീസ് ചെലവുകൾ, വെള്ളക്കരം

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ വെള്ളക്കരം ഒടുക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക ധനം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 10)

2210-01-110-99—ആശുപത്രികളും ഡിസ്പെൻസറികളും

വാടക, കരം, നികുതി ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം മതിയായ തുക അനുവദിക്കാത്തതിനാലും ആരോഗ്യസ്ഥാപനങ്ങളുടെ നികുതിയിനത്തിൽ കുടിശ്ശിക ഒടുക്കുന്നതിനും വർദ്ധിച്ചു വരുന്ന വൈദ്യുതിചാർജ് ഒടുക്കുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-01-110-99-05-2 | : | 9 കോടിരൂപ |
| 2210-01-110-99-06 | : | 15 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

അധിക ധനം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 11)

2210-01-196-50—റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ് ഇനത്തിൽ ജില്ലാപഞ്ചായത്തുകൾക്കുള്ള ധനസഹായമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക ധനം അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 12)</u>

2210-03-103-91—<u>പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകം, വയനാട്, മലപ്പുറം</u>

| | | |
|---|---|---|
| 04-1—യാത്രാബത്ത | : | 1000 രൂപ |
| -05-3—ടെലിഫോൺ ചാർജ്ജ് | : | 1000 രൂപ |
| -05-4—മറ്റിനങ്ങൾ | : | 1000 രൂപ |
| -21-2—മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 1000 രൂപ |
| -45- – പി.ഒ.എൽ. | : | 1000 രൂപ |

വയനാട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സഞ്ചരിക്കുന്ന വൈദ്യസഹായ ഘടകത്തിന്റെ ടെലിഫോൺ ചാർജ്, യാത്രബത്ത, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധനം, മറ്റിനങ്ങൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-03-103-91-04-1 | : 29,000 രൂപ |
| 2210-03-103-91-05-3 | : 20,000 രൂപ |
| 2210-03-103-91-05-4 | : 20,000 രൂപ |
| 2210-03-103-91-21-2 | : 1.3 ലക്ഷം രൂപ |
| 2210-03-103-91-45 | : 29,000 രൂപ |

<u>സ്വീകരിച്ച നടപടി</u>

ഫണ്ട് ലഭ്യമാക്കിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 13)

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ല/താലൂക്ക് ആശുപത്രികൾ ഒഴികെ

വാടക, കരം നികുതി എന്നിവ ഒടുക്കുന്നതിനും സാധന സാമഗ്രികൾക്കും നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99-06 : 51,000 രൂപ

2210-03-110-99-24 : 58.63 ലക്ഷം രൂപ

സ്വീകരിച്ച നടപടി

അധിക ധനം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 14)

2210-05-105-74-12—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ഒറ്റപ്പെട്ട ചിലയിടങ്ങളിൽ കുട്ടികളിൽ ലെപ്രസി കാണപ്പെട്ട വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടത് സമിതി ഉത്കണ്ഠയോടെ വീക്ഷിക്കുന്നു. പ്രസ്തുത രോഗം ഉന്മൂലനം ചെയ്യുന്നതിനായി ലെപ്രസി അസിസ്റ്റന്റുകളുടെയും നഴ്സുമാരുടെയും സേവനം ആവശ്യമുള്ളതായും നിലവിലുള്ളവർക്ക് പരിശീലനം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 7.3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക ധനം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 15)

2210-06-003-97-12—വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനത്തിനായി സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിനും ഈ ഇനത്തിൽ ലഭിച്ച കഴിഞ്ഞ വർഷത്തെ ബില്ലുകൾ മാറുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-06-003-97—NP ശീർഷകത്തിൽ 12 ഇനത്തിൽ 2,00,000 രൂപ ധനപുനഃക്രമീകരണം വഴി 2019-20 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു.

ശിപാർശ (ഖണ്ഡിക 16)

2210-06-101-25—സ്ഥിരമായി ഡയാലിസിസ് ചെയ്യുന്ന കിഡ്നി രോഗികൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ ബജറ്റ് തുക അനുവദിച്ചിരുന്നില്ല. എങ്കിലും മറ്റ് വരുമാനങ്ങളിൽ നിന്നും തുക കണ്ടെത്തിയാണ് കിഡ്നി രോഗികൾക്ക് ഡയാലിസിസിനായി സാമ്പത്തിക സഹായം അനുവദിച്ചുവന്നിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്നും ധനസഹായം അനുവദിക്കാൻ വകുപ്പിന് കഴിയില്ലായെന്നും ഡയാലിസിസ്സ് രോഗികളുടെ 2019 ജൂലൈ മുതലുള്ള ബില്ലുകൾ മാറുവാൻ ശേഷിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഗുരുതരമായ ഈ സ്ഥിതിവിശേഷം മറി കടക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 3.072 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക ധനം അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 17)

2210-06-101-94 -05-2—സാംക്രമിക രോഗ നിയന്ത്രണം -ക്ഷയം-ഓഫീസ് ചെലവുകൾ, വൈദ്യുതി ചെലവ്

തൃശ്ശൂർ ജില്ലാ ടി.ബി. സെന്ററിന് വൈദ്യുതി കുടിശ്ശിക തുക നൽകുന്നതിന് തുക ആവശ്യമാണെങ്കിലും ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക ധനമായി 4,16,000 രൂപ 2020-21 സാമ്പത്തിക വർഷം (1-6-2020) അനുവദിച്ചിരുന്നു.

ശിപാർശ (ഖണ്ഡിക 18)

2210-06-107-99-05-2—പൊതുജനാരോഗ്യ പരീക്ഷണശാലകൾ - ഓഫീസ് ചെലവുകൾ, വൈദ്യുതി ചെലവ്

എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളുടെയും വൈദ്യുതി കുടിശ്ശിക തീർക്കുവാൻ നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

ശിപാർശ (ഖണ്ഡിക 19)

2210-06-102-99—ഭക്ഷ്യകാര്യ ഭരണം

ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിച്ചതിനാൽ വൈദ്യുതി ഉപഭോഗം കൂടിയ സാഹചര്യത്തിലും ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ വാടക നൽകുന്നതിനും ഓഫീസ് ചെലവുകൾക്കും വാടകയ്ക്ക് വാഹനം എടുത്ത് ഉപയോഗിക്കുമ്പോൾ വാഹന വാടക നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-05-2 : 5.27 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-06-102-99-05-4 : 19.13 ലക്ഷം രൂപ (പ്ലാൻ)

2210-06-102-99-06 : 25 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-06-102-99-97 : 31 .06 ലക്ഷം രൂപ (പ്ലാൻ)

സ്വീകരിച്ച നടപടി

2210-06-102-99-05-2—വൈദ്യുതി ചെലവ് (നോൺപ്ലാൻ) ശീർഷകത്തിൽ ബജറ്റ് വിഹിതമായ 4.73 ലക്ഷം രൂപ കൂടാതെ ധനപുനഃവിനിയോഗം മുഖേന 3.85 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

2210-06-102-99-05-4—മറ്റിനങ്ങൾ (പ്ലാൻ) ശീർഷകത്തിൽ ബജറ്റ് വിഹിതമായ 30.87 ലക്ഷം രൂപ കൂടാതെ ധനപുനഃവിനിയോഗം മുഖേന 12.39 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

2210-06-102-99-06 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

2210-06-102-99-97 (പ്ലാൻ) എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

**നാഷണൽ ഹെൽത്ത് മിഷൻ**

ശിപാർശ (ഖണ്ഡിക 20)

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

മുൻ വർഷം ലഭിക്കുവാനുള്ള തുക കൂടാതെ 2020-2021 സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന 800 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 810.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിനു പുറമെ 669.47 കോടി രൂപ അധിക തുകയായി അനുവദിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തിലെ ബാക്കി തുകയായ 195.53 കോടി രൂപ ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 21)

2210-06-101-31-01—ആരോഗ്യകിരണം - രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം

മുൻവർഷം ലഭിക്കാനുള്ള 15 കോടി രൂപ ഉൾപ്പെടെ ആരോഗ്യകിരണം പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 19 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ശിപാർശ (ഖണ്ഡിക 22)

2210-06-112-98-3—ആശാവർക്കർമാർക്കുള്ള അലവൻസ്-മറ്റിനം

വർദ്ധിപ്പിച്ച നിരക്കിൽ ആശാവർക്കർമാർക്ക് (പ്രതിമാസം 5000 രൂപ നിരക്കിൽ) ഓണറേറിയം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 64.472 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായ 93.466 കോടിക്ക് പുറമേ 55.6 കോടി രൂപ കൂടി അഡീഷണൽ ആതറൈസേഷൻ മുഖേന ആ സാമ്പത്തിക വർഷം തന്നെ അനുവദിച്ചിരുന്നു. ഇതിൻ പ്രകാരം ഫെബ്രുവരി 2021 വരെ പ്രതിമാസം 5000 രൂപ നിരക്കിൽ ഓണറേറ്റിയം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഏപ്രിൽ വരെയുള്ള ഓണറേറിയം നൽകിയിട്ടുണ്ട്. മേയ്, ജൂൺ മാസത്തേക്കുള്ള തുക സർക്കാരിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

ശിപാർശ (ഖണ്ഡിക 23)

2210-01-110-24—കേരള അടിയന്തര വൈദ്യസഹായം (108 ആംബുലൻസ്)

'കനിവ് 108' എന്ന സൗജന്യ ആംബുലൻസ് സേവനം സംസ്ഥാനത്തൊട്ടാകെ 2019 സെപ്റ്റംബർ മാസം മുതൽ ആരംഭിച്ചതിനാൽ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിലേക്ക് 29.6354 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-01-110-24—2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 40.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 24)

2210-80-190-99-36—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് സഹായധനം-ശമ്പളേതരം

സ്പെഷ്യാലിറ്റി മരുന്നുകളും ആന്റി കാൻസർ മരുന്നുകളും വാങ്ങിയ ചെലവിനത്തിലും മരുന്ന് വില 10% വർദ്ധിച്ച സാഹചര്യത്തിൽ സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള അളവിൽ യഥാസമയം ജീവൻ രക്ഷാമരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള

ചെലവുകൾക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തര പ്രാധാന്യമുള്ള വിഷയമായതിനാൽ, കോർപ്പറേഷന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 336.9 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 155.21 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**കേരള ആരോഗ്യ സർവ്വകലാശാല**

<u>ശിപാർശ (ഖണ്ഡിക 25)</u>

2210-05-001-93—<u>മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ</u>

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36—സഹായധനം-ശമ്പളേതരം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിന് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 26)</u>

2210-05-001-93(31)—<u>മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-സഹായധനം-ശമ്പളം</u>

മെഡിക്കൽ സർവ്വകലാശാലയിലെ ശമ്പള ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തികവർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നാണ് ഈ ഇനത്തിനായി അധിക തുക കണ്ടെത്തിയത്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 8.52 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2210-05-001-93(31)—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-ധനസഹായം-നോൺ പ്ലാൻ-ശമ്പളം എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി 8.52 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള ആരോഗ്യ സർവ്വകലാശാല സമർപ്പിച്ച ശിപാർശയോടൊപ്പം ആവശ്യമായ രേഖകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാതിരുന്നതിനാൽ ടി ശിപാർശ പരിഗണിച്ചിരുന്നില്ല.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ശിപാർശ (ഖണ്ഡിക 27)

02-04—വേതനം - കൺസോളിഡേറ്റഡ് പേ (നോൺപ്ലാൻ)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നടപ്പിലാക്കിയതിന്റെ ഫലമായി ഉണ്ടായേക്കാവുന്ന ധന വർദ്ധനവുകൂടി കണക്കിലെടുത്ത് നോൺ പ്ലാനിൽ 63.0404 കോടി രൂപയാണ് നടപ്പ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ നോൺപ്ലാൻ ഇനത്തിൽ 103.5509 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-05-105-98-02-4 | 5.2046 കോടി രൂപ |
| 2210-05-105-97-02-4 | 2.8874 കോടി രൂപ |
| 2210-05-105-96-02-4 | 3.4029 കോടി രൂപ |
| 2210-05-105-95-02-4 | 5.5649 കോടി രൂപ |
| 2210-05-105-94-02-4 | 3.6288 കോടി രൂപ |
| 2210-05-105-32-02-4 | 3.0190 കോടി രൂപ |
| 2210-05-105-49-02-4 | 3.6567 കോടി രൂപ |
| 2210-05-105-26-02-4 | 64.58 ലക്ഷം രൂപ |

| | |
|---|---|
| 2210-05-105-80-02-4 | 73.0690 കോടി രൂപ |
| 2210-01-110-94-02-4 | 86.30 ലക്ഷം രൂപ |
| 2210-01-110-96-02-4 | 107.04 ലക്ഷം രൂപ |
| 2210-01-110-97-02-4 | 53.84 ലക്ഷം രൂപ |

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന വിവിധ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തിന് പുറമെ താഴെപ്പറയും പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്.

| ശീർഷകം | | അധികമായി അനുവദിച്ച തുക |
|---|---|---|
| 2210-05-105-98-02-4 | — | 2,50,72,000 |
| 2210-05-105-94-02-4 | — | 27,88,000 |
| 2210-05-105-32-02-4 | — | 1,46,68,000 |
| 2210-05-105-49-02-4 | — | 1,40,76,000 |
| 2210-05-105-80-02-4 | — | 75,00,00,000 |

2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന വിവിധ ശീർഷകങ്ങളിൽ ലഭ്യമായ ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യമായിവന്നില്ല.

| | | |
|---|---|---|
| 2210-05-105-97-02-04 | — | Nil |
| 2210-05-105-96-02-04 | — | Nil |
| 2210-05-105-95-02-04 | — | Nil |
| 2210-05-105-26-02-04 | — | Nil |
| 2210-05-110-94-02-04 | — | Nil |
| 2210-05-110-96-02-04 | — | Nil |
| 2210-05-110-97-02-04 | — | Nil |

ശിപാർശ (ഖണ്ഡിക 28)

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം (നോൺപ്ലാൻ)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ വെള്ളക്കരത്തിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ (നോൺ പ്ലാൻ) അനുവദിച്ചിട്ടുള്ള 28.0715 കോടി രൂപ മുൻ കുടിശ്ശിക അടക്കം അടയ്ക്കുന്നതിന് പര്യാപ്തമല്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ നോൺ പ്ലാനിൽ 100.941 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-01-110-58-05-1 | 15 ലക്ഷം രൂപ |
| 2210-01-110-94-05-1 | 8.5 ലക്ഷം രൂപ |
| 2210-05-105-98-05-1 | 82.1856 കോടി രൂപ |
| 2210-05-105-53-05-1 | 70 ലക്ഷം രൂപ |
| 2210-05-105-97-05-1 | 36 ലക്ഷം രൂപ |
| 2210-05-105-94-05-1 | 21.25 ലക്ഷം രൂപ |
| 2210-05-105-96-05-1 | 7.125 കോടി രൂപ |
| 2210-05-105-32-05-1 | 5.6 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

2210-01-110-58-05-01 — ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യപ്പെട്ടില്ല.

2210-01-110-94-05-01 — ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി അധിക തുക അനുവദിക്കാൻ സാധിച്ചില്ല. 2021-22 വർഷം ബജറ്റ് വിഹിതമായി 31,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-98-05-01 — ബജറ്റ് വിഹിതത്തിന് പുറമേ 18,98,00,000 രൂപ അധിക തുകയായി അനുവദിച്ചു.

2210-05-105-53-05-01 — ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക അനുവദിക്കാൻ സാധിച്ചില്ല. 2021-22 വർഷം ബജറ്റ് വിഹിതമായി 35,20,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-97-05-01 — ബജറ്റ് വിഹിതത്തിന് പുറമേ 75,18,000 രൂപ അധിക തുകയായി അനുവദിച്ചു.

2210-05-105-94-05-01 — ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി അധിക തുക അനുവദിക്കാൻ സാധിച്ചില്ല. 2021-22 വർഷം ബജറ്റ് വിഹിതമായി 78,75,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-96-05-01 — ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി അധിക തുക ആവശ്യപ്പെട്ടില്ല.

2210-05-105-32-05-01 — ബജറ്റ് വിഹിതത്തിന് പുറമേ 3,40,000 രൂപ അധിക തുകയായി അനുവദിച്ചു.

ശിപാർശ (ഖണ്ഡിക 29)

24—സാധനസാമഗ്രികൾ (നോൺപ്ലാൻ)

മെഡിക്കൽ കോളേജുകളിലെ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് മരുന്നുകൾ, ഓക്സിജൻ, ആഹാര സാധനങ്ങൾ എന്നിവയുടെ ബില്ലുകൾ യഥാസമയം മാറാതിരിക്കുന്നത് ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം നോൺ പ്ലാനിൽ അനുവദിച്ച 12.1093 കോടി രൂപ ഇക്കാര്യത്തിന് തികയാത്ത അവസ്ഥയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ 6.3907 കോടി രൂപ നോൺ പ്ലാനിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-98-24 — 2.7240 കോടി രൂപ

2210-01-110-97-24 — 50 ലക്ഷം രൂപ

2210-01-110-96-24 — 1.1709 കോടി രൂപ

2210-01-110-95-24 — 90.82 ലക്ഷം രൂപ

2210-01-110-94-24 — 108.76 ലക്ഷം രൂപ

സ്വീകരിച്ച നടപടി

2210-01-110-98-24—അധിക തുകയായി 49,45,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-01-110-97-24—ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

2210-01-110-96-24—അധിക തുകയായി 30,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-01-110-95-24—അധിക തുകയായി 1,17,18,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-01-110-94-24—ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

ശിപാർശ (ഖണ്ഡിക 30)

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (നോൺപ്ലാൻ)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജൻ/പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും വിധം 58.3021 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-05-105-97-12 | 9 കോടി രൂപ |
| 2210-05-105-96-12 | 5 കോടി രൂപ |
| 2210-05-105-95-12 | 5.1084 കോടി രൂപ |
| 2210-05-105-94-12 | 10.8163 കോടി രൂപ |
| 2210-05-105-32-12 | 73.51 ലക്ഷം രൂപ |
| 2210-05-105-80-12 | 11.7468 കോടി രൂപ |

| | |
|---|---|
| 2210-05-105-47-12 | 82.80 ലക്ഷം രൂപ |
| 2210-05-105-92-12 | 1.1744 കോടി രൂപ |
| 2210-05-105-93-12 | 18.75 ലക്ഷം രൂപ |
| 2210-05-105-34-12 | 1.682 കോടി രൂപ |

സ്വീകരിച്ച നടപടി

2210-05-105-98-12 — ബജറ്റ് ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

2210-05-105-97-12 — അധിക തുകയായി 6,44,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-96-12 — അധിക തുകയായി 3,74,44,000 രൂപ അനുവദിച്ചിട്ടുണ്ട്. (ഫയൽ കെ1/237/2020)

2210-05-105-95-12 — അധിക തുകയായി 69,77,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-94-12 — അധിക തുകയായി 5,33,82,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-32-12 — അധിക തുകയായി 26,81,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-80-12 — അധിക തുകയായി 4,69,88,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-47-12 — ബജറ്റ് ഉപയോഗപ്പെടുത്തി. അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

2210-05-105-92-12 — അധിക തുകയായി 64,56,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-93-12 — അധിക തുകയായി 7,59,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-05-105-34-12 — അധിക തുകയായി 52,06,000 രൂപ അനുവദിച്ചിട്ടുണ്ട്.

**റീജിയണൽ കാൻസർ സെന്റർ**

ശിപാർശ (ഖണ്ഡിക 31)

2210-05-105-52—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം - സഹായധനം

ആർ.സി.സി.-യിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളേതര ചെലവുകൾക്കും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന

വഴിയോ 2210-05-105-52-31 എന്ന ശീർഷകത്തിൽ 70.4622 കോടി രൂപയും ആർ.സി.സി. നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ തൊഴിലുടമ വിഹിതമായി പെൻഷൻ കോർപ്പസ് ഫണ്ടിൽ അടയ്ക്കുന്നതിനായി 2210-05-105-52-36 എന്ന ശീർഷകത്തിൽ 68.7223 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആർ.സി.സി-യ്ക്ക് പദ്ധതിയിനത്തിൽ 7100 ലക്ഷം രൂപയും, പദ്ധതിയേതരയിനത്തിൽ 5960.55 ലക്ഷം രൂപയുമാണ് വക കൊള്ളിച്ചിരുന്നത്.

പദ്ധതിയേതരയിനത്തിൽ ആർ.സി.സി. ശമ്പളയിനത്തിൽ ആവശ്യപ്പെട്ടിരുന്ന തുകയായ 108.71 കോടി രൂപയിൽ 38.2478 കോടി രൂപ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ അനുവദിച്ചിരിക്കുന്നത്. ജീവനക്കാർക്ക് ശമ്പളം, ബത്തകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവയ്ക്ക് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 70.4622 കോടി രൂപ അധികമായി ആവശ്യപ്പെടുകയും, ടി തുക 2210-05-105-52-31 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും 4.78 കോടി രൂപ മാത്രമാണ് 2020-21 സാമ്പത്തിക വർഷം അധികധനസഹായമായി ലഭ്യമായത്. (12-3-2021-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2242/2020/ധന.)

പദ്ധതിയേതരയിനത്തിൽ ആർ.സി.സി. ശമ്പളേതരയിനത്തിൽ ആവശ്യപ്പെട്ടിരുന്ന തുകയായ 90.08 കോടി രൂപയിൽ 21.3577 കോടി രൂപ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ അനുവദിച്ചിരിക്കുന്നത്. മരുന്നുകൾ, റീയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന-അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്ജുകൾ, പ്രിന്റിംഗ് ചെലവുകൾ, വാടക, തപാൽ, നികുതികൾ, ടെലിഗ്രാം മുതലായ ഓഫീസ് ചെലവുകൾ എന്നീ ആവശ്യങ്ങൾക്കാണ് ഈ തുക ആവശ്യപ്പെട്ടിരുന്നത്. ശമ്പളേതരയിനത്തിൽ അനുവദിച്ച തുക മേൽപ്പറഞ്ഞ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ 68.7223 കോടി രൂപ അധികമായി ആവശ്യപ്പെടുകയും, ടി തുക 2210-05-105-52-36 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും 9.99 കോടി രൂപ

മാത്രമാണ് 2020-21 സാമ്പത്തിക വർഷം അധികധനസഹായമായി ലഭ്യമായത് (14-9-2020-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 5256/2020/ധന., 27-10-2020-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6121/2020/ധന., 17-12-2020-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 7318/2020/ധന. & 12-3-2021-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2242/2020/ധന.)

മേൽപ്പറഞ്ഞവയ്ക്ക് പുറമേ മറ്റ് അധികധനസഹായങ്ങൾ ഒന്നും തന്നെ 2020-21 സാമ്പത്തിക വർഷം ആർ.സി.സി.-യ്ക്ക് ലഭിച്ചിട്ടില്ല.

**മലബാർ കാൻസർ സെന്റർ**

ശിപാർശ (ഖണ്ഡിക 32)

2210-05-200-96—മലബാർ കാൻസർ സെന്ററിനു സഹായം

മുൻ വർഷങ്ങളിൽ എം.സി.സി. നടപ്പാക്കിയ വിവിധ പദ്ധതികൾ അവലോകനം ചെയ്ത സമിതി, കാൻസർ ചികിത്സാ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനമായി എം.സി.സി. മാറിയിരിക്കുന്നു എന്ന് വിലയിരുത്തി. ആശുപത്രി കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ, എച്ച്.വി.എ.സി. യൂണിറ്റ് സ്ഥാപിക്കൽ, റേഡിയേഷൻ ഓങ്കോളജി, ഇമേജോളജി എന്നിവയുടെ നവീകരണം, ക്ലിനിക്കൽ ലാബറട്ടറി സർവ്വീസ്, ഓങ്കോ അനസ്തീഷ്യോളജി വിഭാഗം എന്നിവയുടെ ശക്തിപ്പെടുത്തൽ തുടങ്ങിയ അനവധി പദ്ധതികൾ വരും സാമ്പത്തിക വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ മലബാർ കാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനായും മറ്റു ചെലവുകൾക്കും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-05-200-96-35/36 എന്ന പദ്ധതി ശീർഷകത്തിൽ 83.3371 കോടി രൂപയും 2210-05-200-96-31/36 എന്ന പദ്ധതിയേതര ശീർഷകത്തിൽ 10.9743 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ ഉപധനാഭ്യർത്ഥന വഴിയോ പദ്ധതിയേതര ഇനത്തിലോ അധിക തുക അനുവദിച്ചിട്ടില്ല.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ശിപാർശ (ഖണ്ഡിക 33)

2210-06-104-98—മരുന്നു പരിശോധനാശാല

ലബോറട്ടറികൾക്ക് വെള്ളക്കരം ഒടുക്കുന്നതിനും വാടക, കരം, നികുതി മുതലായവ ഒടുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-06-104-98-05-1 എന്ന ശീർഷകത്തിൽ 60,000 രൂപയും 2210-06-104-98-06 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റീ-അപ്രോപ്രിയേഷൻ മുഖേന, വെള്ളക്കര ഇനത്തിൽ 2210-06-104-98-05-1 എന്ന ശീർഷകത്തിൽ 25,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-06-104-98-06 എന്ന ശീർഷകത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 34)

2210-06-104-99— ഔഷധനിയന്ത്രണ കാര്യാലയം

ഡ്രഗ്സ് കൺട്രോൾ വകുപ്പിലേയ്ക്ക് ബുക്കുകൾ പ്രിന്റ് ചെയ്ത വകയിലേയ്ക്ക് പ്രിന്റിംഗ് വകുപ്പിനും വാഹനങ്ങളുടെ ഇന്ധനചെലവിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-06-104-99-05-4 ശീർഷകത്തിൽ 9 ലക്ഷം രൂപയും 2210-06-104-99-45 പി.ഒ.എൽ. എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2210-06-104-99-05-4, 2210-06-104-99-45 എന്നീ ശീർഷകങ്ങളിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

ശിപാർശ (ഖണ്ഡിക 35)

2210-01-200-93-31- സഹായധനം-ശമ്പളം

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലെ ജൂനിയർ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽപ്പറഞ്ഞ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്-ന് സഹായധനം-ശമ്പളം ഇനത്തിൽ ബജറ്റ് വിഹിതമായി 2020-21 സാമ്പത്തിക വർഷം അനുവദിച്ച 58.29 ലക്ഷം രൂപ വിനിയോഗിച്ചു. അധിക തുക ആവശ്യപ്പെട്ടില്ല.

**ഐക്കോൺസ്**

ശിപാർശ (ഖണ്ഡിക 36)

**സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)**

2210-05-105-36—ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി

ഐക്കോൺസിൽ വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും ചികിത്സയ്ക്കായി ഡോക്ടർമാരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള മനുഷ്യവിഭവശേഷി സമാഹരണത്തിന്റെ ചെലവിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 3.5549 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 1.3300 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

**ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)**

ശിപാർശ (ഖണ്ഡിക 37)

2210-05-200-95—മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയ്ക്കുള്ള പഠനകേന്ദ്രം

ഇംഹാൻസ് എന്ന സ്ഥാപനം സെന്റർ ഫോർ എക്സലൻസ് ആയി ഉയർത്തിയ സാഹചര്യത്തിൽ നിലവിലുള്ള പതിമൂന്ന് തസ്തികകൾ കൂടാതെ 33 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയതിനാൽ ജീവനക്കാരുടെ ശമ്പള ചെലവിനത്തിനും ന്യൂറോ

സയൻസ് ലാബിന്റെ പ്രവർത്തനത്തിനും സാങ്കേതിക വിദഗ്ദ്ധരുടെ നിയമനത്തിനും സ്ഥാപനത്തിന്റെ വൈദ്യുത ചെലവും വെള്ളക്കരവും ഒടുക്കുന്നതിനും മററു ചെലവുകൾക്കും നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-05-200-95-31 എന്ന ശീർഷകത്തിൽ 283 ലക്ഷം രൂപയും 2210-05-200-95-36 എന്ന ശീർഷകത്തിൽ 17.72 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-05-200-95-31 എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 2,14,39,000 രൂപയും ശമ്പളേതരയിനത്തിൽ 2210-05-200-95-36 എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 13,50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

**ചിയാക്**

ശിപാർശ (ഖണ്ഡിക 38)

2210-06-800-81—പ്രധാനമന്ത്രി ജന ആരോഗ്യയോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി-സംസ്ഥാന പദ്ധതി

ഇൻഷ്വറൻസ് കമ്പനികൾക്ക് ഇനിയും 291.6045 കോടി രൂപ നൽകാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 202 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-06-800-81 ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകുകയും ആയത് പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2210-06-800-80-01 ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ വഴി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 635/2021/ആ.കു.വ. തീയതി 5-3-2021 പ്രകാരം 77,43,18,000 രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി 122/2021/ആ.കു.വ. തീയതി 12-1-2021 പ്രകാരം 19,14,28,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 39)

2210-06-800-80-02—പ്രധാനമന്ത്രി ജന ആരോഗ്യയോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി- സംസ്ഥാന വിഹിതം

നടപ്പ സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുകയേക്കാൾ 15% കൂടുതൽ തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ 204.3064 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുവാനുമുണ്ട്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 192 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2210-06-800-80 ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകുകയും ആയത് പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 40)

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്കരണത്തിനും നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനും നിലവിലെ ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിടത്തി ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ "ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനിക വൽക്കരണത്തിനും നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനും" ആയി അനുവദിച്ച ഫണ്ട് പൂർണ്ണമായും വേണ്ടി വരികയില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ, അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 41)

2210-02-101-76—പ്രകൃതി ദുരന്തംമൂലമുള്ള ആരോഗ്യപ്രശ്നവും പകർച്ചവ്യാധികളുടെ നിയന്ത്രണവും

പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുമായി ഉദ്ദേശിച്ചിട്ടുള്ള നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനിക വത്കരണത്തിനും നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനും" ആയി അനുവദിച്ച ഫണ്ട് പൂർണ്ണമായും വേണ്ടി വരികയില്ല എന്നത് കൊണ്ടും, ഇപ്രകാരമുള്ള അധിക തുക വിനിയോഗിച്ചുകൊണ്ട് പ്രകൃതിദുരന്തം മൂലമുള്ള ആരോഗ്യപ്രശ്നത്തിനും പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനും ഔഷധങ്ങൾ വാങ്ങാം എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ, അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 42)

2210-02-101-64—വിദ്യാലയ ആരോഗ്യ പദ്ധതികൾ

വിദ്യാലയ ആരോഗ്യ പദ്ധതികളുടെ സുഗമമായ തുടർ നടത്തിപ്പിന് നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ "വിദ്യാലയ ആരോഗ്യ പദ്ധതികളുടെ" തുടർ നടത്തിപ്പിനുമായി അനുവദിച്ച ഫണ്ട് പൂർണ്ണമായും വേണ്ടിവരികയില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ, അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക 43)</u>

2210-02-101-65-34—<u>ജീവനിയും, പുനർനവയും-മറ്റു ചെലവുകൾ</u>

ജീവനി, പുനർനവ എന്നിവയുടെ സുഗമമായ തുടർ നടത്തിപ്പിന് വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിടത്തി ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ "ജീവനി - പുനർനവ" പദ്ധതികളുടെ തുടർ നടത്തിപ്പിനായി അനുവദിച്ച ഫണ്ട് പൂർണ്ണമായും വേണ്ടി വരികയില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ, അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക 44)</u>

2210-02-101-74—<u>ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണ ശാല</u>

തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് സ്പോർട്സ് മെഡിസിനുള്ള ഗവേഷണ പദ്ധതിയുടെ തുടർ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിമൂലം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്ന വിദ്യാലയ ആരോഗ്യ പരിപാടികൾ എന്ന പദ്ധതിക്കായി 2210-02-101-64 ശീർഷകത്തിൽ അനുവദിച്ച 125 ലക്ഷം രൂപയിൽ നിന്നും 34,51,000 (മുപ്പത്തി നാലു ലക്ഷത്തി അൻപത്തി ഒന്നായിരം) രൂപ റിസേർച്ച് സെൽ ഫോർ ഇന്ത്യൻ സ്പോർട്സ് മെഡിസിൻ—2210-02-101-74 എന്ന ശീർഷകത്തിലേക്കു, ധനകാര്യ വകുപ്പിൽ നിന്നുള്ള 30-3-2021-ലെ സ.ഉ. (സാധാ.) നമ്പർ 3238/2021/ധന. ഉത്തരവ് പ്രകാരം, പ്രസ്തുത പദ്ധതിയിലെ ജീവനക്കാർക്ക് വേതനം വിതരണം ചെയ്യുന്നതിനായി റീ-അപ്രോപ്രിയേഷൻ മുഖേന നല്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 45)

4210-02-103-94—ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള മരാമത്ത് പണികൾ

ആയുഷ് വകുപ്പിൽ പ്രൊപ്പോസൽ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് നിലവിലെ ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ, അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 46)

കോർപ്പറേഷൻ-മുനിസിപ്പാലിറ്റി-ജില്ലാ പഞ്ചായത്ത് തലങ്ങളിലായി പതിനാല് ജില്ലകളിലെ ആയുർവ്വേദ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും രോഗികൾക്ക് ആഹാരച്ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ താഴെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ മേൽപറഞ്ഞ ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50 : 5 ലക്ഷം രൂപ

2210-02-192-50 : 75 ലക്ഷം രൂപ

2210-02-196-50 : 90 ലക്ഷം രൂപ

സ്വീകരിച്ച നടപടി

2210-02-192-50 (NP) ശീർഷകത്തിൽ സ.ഉ. (സാധാ.) നമ്പർ 2633/2021/ധന. തീയതി 20-3-2021 ഉത്തരവ് പ്രകാരം 30 ലക്ഷം രൂപ ധനപുനഃക്രമീകരണം വഴി അനുവദിച്ചിട്ടുണ്ട്. അതുപോലെ 2210-02-196-50 (NP) ശീർഷകത്തിൽ സ.ഉ. (സാധാ.) നമ്പർ 2728/2021/ധന. തീയതി 22-3-2021 ഉത്തരവ് പ്രകാരം 30 ലക്ഷം രൂപയും ധനപുനഃക്രമീകരണം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 47)

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണ ശാല

2019 ജനുവരിയിൽ തൃശ്ശൂരിൽ നിലവിൽ വന്ന കേരള സ്പോർട്സ് ആയുർവ്വേദ ആശുപത്രിയിലെ ജീവനക്കാരുടെ യാത്രാബത്ത നൽകുന്നതിനും ആശുപത്രിയിലെ വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ ചാർജ്ജ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-02-101-74-04-1 | : 10,000 രൂപ |
| 2210-02-101-74-04-2 | : 7000 രൂപ |
| 2210-02-101-74-05-1 | : 25,000 രൂപ |
| 2210-02-101-74-05-2 | : 2.5 ലക്ഷം രൂപ |
| 2210-02-101-74-05-3 | : 30,000 രൂപ |
| 2210-02-101-74-05-4 | : 50,000 രൂപ |

സ്വീകരിച്ച നടപടി

2210-02-101-74-05-02 വൈദ്യുതി ചെലവ് (NP)ശീർഷകത്തിൽ സ.ഉ. (സാധാ.) നമ്പർ 1149/2021/ധന. തീയതി 10-2-2021 ഉത്തരവ് പ്രകാരം 54,000 രൂപ അധികത്തുകയായി അനുവദിച്ചിട്ടുണ്ട്.

**ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ശിപാർശ (ഖണ്ഡിക 48)

2210-05-101-48-34—പുതിയ ആയുർവ്വേദ മാനസിക രോഗ ആശുപത്രി-മറ്റു ചെലവുകൾ

കണ്ണൂർ, തൃപ്പൂണിത്തുറ ആയുർവ്വേദ മെഡിക്കൽ കോളേജുകളിൽ മാനസിക വിഭാഗം സ്ഥാപിക്കുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഒ.പി.കൾ നടന്നുവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഒ.പി.കളിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തുടർന്നുവന്നിരുന്ന ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക 49)</u>

2210-05-101-74-34—<u>കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ വകുപ്പ് വികസിപ്പിക്കലും മറ്റു പ്രവർത്തനങ്ങളും-മറ്റു ചെലവുകൾ</u>

മെഡിക്കൽ കോളേജിനോടനുബന്ധിച്ച പ്രവർത്തനം ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സജ്ജീകരിക്കുന്നതിനും ഫാർമസി സജ്ജീകരിക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തുടർന്നുവന്നിരുന്ന ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക 50)</u>

2210-05-101-73-34—<u>കോളേജിയേറ്റ് ഫാർമസി സ്ഥാപിക്കൽ-മറ്റു ചെലവുകൾ</u>

കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് ഫാർമസി സ്ഥാപിക്കാൻ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇക്കാരണത്താൽ രോഗികൾക്ക് മരുന്ന് കൊടുക്കുവാൻ കഴിയാത്ത സാഹചര്യം വരുമെന്നതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിയെ തുടർന്ന്, വിവിധ പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തുടർന്നുവന്നിരുന്ന ചികിത്സ നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 51)

4210-03-101-93—ഗവൺമെന്റ് ആയുർവ്വേദ കോളേജ് കണ്ണൂർ, സ്ഥലമെടുപ്പ്-കെട്ടിടങ്ങൾ

കണ്ണൂർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ സീറ്റ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ സി.സി.ഐ.എം.-ന്റെ (എം.എസ്.ആർ.) പ്രകാരമുള്ള കോളേജിന്റെ അംഗീകാരത്തിന് അക്കാദമിക് ബ്ലോക്ക് ആവശ്യമുള്ളതിനാൽ പുതിയ അക്കാദമിക് ബ്ലോക്ക്, പെൺകുട്ടികൾക്ക് പുതിയ ഹോസ്റ്റൽ കെട്ടിടം എന്നിവയുടെ നിർമ്മാണത്തിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയില്ല എന്നത് കൊണ്ട് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 52)

2210-05-101-69-35/36—കേരള ആയുർവ്വേദ പഠന ഗവേഷണം

2017-2018, 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പൂർത്തിയായി വരുന്ന പ്രവൃത്തികളുടെ ബില്ലുകൾ നൽകുന്നതിനും 2020-2021 വർഷത്തെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.9285 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയില്ല എന്നത് കൊണ്ട് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 53)

2210-05-001-98-05-3—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ടെലിഫോൺ ചാർജ്ജിനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 54)</u>

2210-05-101-95—<u>ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, ജീവനക്കാരുടെ ശമ്പളം, അവധിയാത്രാ ആനുകൂല്യം, ആഫീസ് ചെലവുകൾ, വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-05-101-95-02-1 | — | വേതനം-ശമ്പളം | - 2 ലക്ഷം രൂപ |
| 2210-05-101-95-04-4 | — | യാത്രാചെലവുകൾ അവധിയാത്രാനുകൂല്യം | - 10 ലക്ഷം രൂപ |
| 2210-05-101-95-05-1 | — | ഓഫീസ് ചെലവുകൾ - വെള്ളക്കരം | - 30 ലക്ഷം രൂപ |
| 2210-05-101-95-12 | — | സ്കോളർഷിപ്പും സ്റ്റൈപ്പന്റും | - 40 ലക്ഷം രൂപ |

<u>സ്വീകരിച്ച നടപടി</u>

ശീർഷകം 2210-05-101-95 (02) (1) NP ശീർഷകത്തിൽ 1,79,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും 1,21,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേനയും അധികമായി അനുവദിച്ചിട്ടുണ്ട്. ശീർഷകം 2210-05-101-95-02-4 NP ശീർഷകത്തിൽ 4,19,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 55)</u>

2210-02-101-99—<u>കോളേജ് ആശുപത്രികളും, പ്രസവ വാർഡും, തിരുവനന്തപുരം</u>

തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിലും പ്രസവവാർഡിലും കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള തുകയും, വെള്ളക്കരം, ഇന്ധനചെലവ് മുതലായ ദൈനംദിന ചെലവുകൾക്ക് അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-101-99-02-1 | വേതനം -ശമ്പളം | 1 ലക്ഷം രൂപ |
| 2210-02-101-99-02-2 | വേതനം -ക്ഷാമബത്ത | |
| 2210-02-101-99-02-3 | വേതനം -മറ്റ് അലവൻസുകൾ | |
| 2210-02-101-99-02-4 | വേതനം - കൺസോളിഡേറ്റഡ് പേ | 10 ലക്ഷം രൂപ |
| 2210-02-101-99-02-5 | വേതനം-ദിവസവേതനം | 10 ലക്ഷം രൂപ |
| 2210-02-101-99-04-1 | യാത്രാചെലവുകൾ - യാത്രാബത്ത | 8000 രൂപ |
| 2210-02-101-99-05-1 | ഓഫീസ് ചെലവുകൾ - വെള്ളക്കരം | 12 ലക്ഷം രൂപ |
| 2210-02-101-99-45 | പി.ഒ.എൽ. | 60,000 രൂപ |

<u>സ്വീകരിച്ച നടപടി</u>

2210-02-101-99 (45) പി.ഒ.എൽ. (NP) കോളേജ് ആശുപത്രികളും പ്രസവ വാർഡും എന്ന ശീർഷകത്തിൽ 40,000 രൂപ റീ-അപ്രോപ്രീയേഷൻ മുഖേന അധികമായി അനുവദിച്ചിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 56)</u>

2210-02-101-94-05-1—<u>ഔഷധ സസ്യ പഠന കേന്ദ്രം-ഓഫീസ് ചെലവുകൾ, വെള്ളക്കരം</u>

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജ് ഫാർമക്കൊഗ്നസി യൂണിറ്റിൽ 5 ലക്ഷം രൂപ വെള്ളക്കരം കുടിശ്ശിക ഉള്ളതിനാൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജ് ഫാർമക്കൊഗ്നസി യൂണിറ്റിൽ വെള്ളക്കരത്തിനായി അധിക തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 57)

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

തിരുവനന്തപുരം പഞ്ചകർമ്മ ആശുപത്രിയിലെ വെള്ളക്കരത്തിനും, ജീവനക്കാരുടെ വേതനം, ദിവസവേതനം എന്നിവയ്ക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-85-05-1 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-02-101-85-02-5 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 2210-02-101-85-02-1,2,3 എന്ന ശീർഷകത്തിന് 83,000 രൂപയും 2210-02-101-85-05-3 എന്ന ശീർഷകത്തിൽ 22,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 58)

2210-02-101-96—ആയുർവ്വേദ ഫാർമസി

സർക്കാർ ആയുർവ്വേദ കോളേജിലെ ഫാർമസിയിൽ അസംസ്കൃത മരുന്നുകളുടെ കുടിശ്ശിക തുക നൽകുന്നതിനും വെള്ളക്കരം ഒടുക്കുന്നതിനും, മറ്റ് ചെലവുകൾക്കും നടപ്പ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-101-96-24- സാധന സാമഗ്രികൾ | : | 17 ലക്ഷം രൂപ |
| 2210-02-101-96-3- മറ്റിനം | : | 1 ലക്ഷം രൂപ |
| 2210-02-101-96-05-1-വെള്ളക്കരം | : | 5 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 59)

2210-02-101-93—ഔഷധഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രം

ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനും വെള്ളക്കര കുടിശ്ശിക ഒടുക്കുന്നതിനും നിലവിൽ ബജറ്റ് ശീർഷകമോ തുകയോ അനുവദിച്ചിട്ടില്ല. ആയതിനാൽ 2210-02-101-93-02-5, 2210-02-101-93-05-1 എന്നീ ശീർഷകങ്ങൾ ആരംഭിച്ച് ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-93-02-5 എന്ന ശീർഷകത്തിൽ 12 ലക്ഷം രൂപയും 2210-02-101-93-05-1 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

Drugs Standardisation Unit-ലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിന് 2210-05-101-93-02-5 ശീർഷകം അനുവദിച്ചു. 1,50,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 60)

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജ് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും മുതലായവയ്ക്കും വാഹനങ്ങളുടെ ഇന്ധനചെലവിനും ജീവനക്കാർക്ക് വേതനം, ടൂർ ടി.എ. മുതലായ ചെലവുകൾക്കും കെട്ടിടങ്ങൾക്ക് വാടകനികുതി കൊടുക്കുന്നതിനും വെള്ളക്കരം ഒടുക്കുന്നതിനും മറ്റ് ചെലവുകൾക്കും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-05-101-96-12 | — | സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും | : 1.0328 കോടി രൂപ |
| 2210-05-101-96-45 | — | പി.ഓ.എൽ. | : 20,000 രൂപ |
| 2210-05-101-96-02-5 | — | വേതനം ദിവസവേതനം | : 5 ലക്ഷം രൂപ |
| 2210-05-101-96-34-3 | — | മറ്റു ചെലവുകൾ | : 1 ലക്ഷം രൂപ |
| 2210-05-101-96-05-4 | — | ഓഫീസ് ചെലവുകൾ | : 1 ലക്ഷം രൂപ |
| 2210-05-101-96-05-1 | — | ഓഫീസ് ചെലവുകൾ, വെള്ളക്കരം | : 44,000 രൂപ |
| 2210-05-101-96-06 | — | വാടക, കരം, നികുതി | : 25,000 രൂപ |

സ്വീകരിച്ച നടപടി

2210-05-101-96-12 സ്കോളർഷിപ്പ് ആൻഡ് സ്റ്റൈപ്പന്റ് ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 79,39,000 രൂപ അനുവദിച്ചിട്ടുണ്ട്. 2210-05-101-96-06 വാടക, കരം, നികുതി ഇനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന, 2210-05-101-96-06-05-02 ഇലക്ട്രിസിറ്റി ചാർജ്ജിൽ നിന്നും 70,000 രൂപ ലഭിച്ചിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 61)

2210-02-101-98 —കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ കോൺട്രാക്ട്/ ദിവസവേതനം ജീവനക്കാർക്ക് വേതനം നൽകുന്നതിനും രോഗികൾക്ക് ഭക്ഷണത്തിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനും വെള്ളക്കരം, വൈദ്യുതചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും യാത്രാബത്ത, സ്ഥലംമാറ്റബത്ത, വേതനം എന്നിവ നൽകുന്നതിനും നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-02-101-98-04-1 | —യാത്രാബത്ത | : | 31,000 രൂപ |
| 2210-02-101-98-04-2 | — സ്ഥലംമാറ്റ ബത്ത | : | 21,000 രൂപ |
| 2210-02-101-98-34-1 | — വെള്ളക്കരം | : | 8.9 ലക്ഷം രൂപ |
| 2210-02-101-98-34-2 | — വൈദ്യുതചാർജ്ജ് | : | 11.65 ലക്ഷം രൂപ |
| 2210-02-101-98-24 | — സാധനസാമഗ്രികളും വിതരണവും | : | 11 ലക്ഷം രൂപ |
| 2210-02-101-98-05-3 | — ടെലിഫോൺ ചാർജ്ജ് | : | 43,000 രൂപ |
| 2210-02-101-98-02-4 | — വേതനം | : | 6.68 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

2210-02-101-98-04-1 യാത്രാബത്തയിനത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 10,000 രൂപ അനുവദിച്ചിട്ടുണ്ട്.

2210-02-101-98-34 അദർചാർജ്ജസ് (1) വെള്ളക്കരം അഡീഷണൽ ആതറൈസേഷൻ മുഖേന 10,00,000 അനുവദിച്ചിട്ടുണ്ട്.

2210-02-101-98-34 (02) വൈദ്യുതി ചാർജ്ജസ് അഡീഷണൽ ആതറൈസേഷൻ മുഖേന 4,00,000 അനുവദിച്ചിട്ടുണ്ട്.

2210-02-101-98-02 വേജസ് (4) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 02 വേജസ് 5 ഡെയ്‌ലി വേജസ് ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻ മുഖേന 8,31,000 രൂപ ലഭിച്ചിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 62)

2210-02-101-78—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ജീവനക്കാരുടെ ചികിത്സയ്ക്ക് ചെലവായ തുക റീ-ഇംബേഴ്സ് ചെയ്യുന്നതിന് വേണ്ടി 6,60,000 രൂപയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുള്ളതിനാൽ ആയതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 2019-20 വർഷം തുക വകയിരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത കാലയളവിലേക്കുള്ള വേതനം ഉൾപ്പെടെ നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-78-01-4 : 6.10 ലക്ഷം രൂപ

2210-02-101-78-02-5 : 3 ലക്ഷം രൂപ

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 63)

2210-05-101-79—സർക്കാർ ആയുർവ്വേദ കോളേജ്, കണ്ണൂർ

കണ്ണൂർ സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് വകുപ്പുമായി ബന്ധപ്പെട്ട വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത നൽകുന്നതിനും ആശുപത്രിയിലെ വൈദ്യുതചാർജ്ജ് ഒടുക്കുന്നതിനും കെട്ടിട വാടകയും നികുതിയും നൽകുന്നതിനും, കരാർ-ദിവസവേതന ജീവനക്കാരുടെ വേതനം, ജീവനക്കാരുടെ യാത്രാബത്ത, കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള വൈദ്യുത ചെലവുകൾ തുടങ്ങിയവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-05-101-79-04-1 | — | യാത്രാബത്ത | : 1.5 ലക്ഷം രൂപ |
| 2210-05-101-79-05 -2 | — | വൈദ്യുതി ചെലവ് | : 5 ലക്ഷം രൂപ |
| 2210-05-101-79-06 | — | വാടക, കരം, നികുതി | : 50,000 രൂപ |

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിന്റെ 2210-05-101-79-04-1 യാത്രാബത്ത ശീർഷകത്തിൽ 3,33,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിരുന്നു.

2210-05-101-79-05-2—വൈദ്യുതി ചെലവ്

2210-05-101-79-06—വാടക, കരം, നികുതി ശീർഷകങ്ങളിൽ അധിക തുക അനുവദിച്ചിട്ടില്ല.

**ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

<u>ശിപാർശ (ഖണ്ഡിക 64)</u>

2210-05-102-99—<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ മരാമത്ത് പണികൾ നടത്തുന്നതിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും മറ്റു ചെലവുകൾക്കും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-99-17— മരാമത്ത് പണികൾ : 28.25 ലക്ഷം രൂപ

2210-05-102-99-19—യന്ത്രോപകരണങ്ങൾ : 12 ലക്ഷം രൂപ

2210-05-102-99-34-3—മറ്റിനങ്ങൾ : 29.75 ലക്ഷം രൂപ

<u>സ്വീകരിച്ച നടപടി</u>

2210-05-102-99-17—ചെറുകിട മരാമത്ത് പണികൾ &

2210-05-102-99-19—യന്ത്രോപകരണങ്ങൾ

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലാതിരുന്നതിനാൽ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ പ്രൊപ്പോസൽ സമർപ്പിച്ച അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

2210-05-102-99-34-3—മറ്റിനങ്ങൾ :

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലായിരുന്നു. കോവിഡുമായി ബന്ധപ്പെട്ട സാഹചര്യത്തിൽ ട്രെയിനിംഗ് പ്രോഗ്രാം, ബയോമെട്രിക്, പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ നടക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല. മറ്റ് പ്രവർത്തനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ പ്രൊപ്പോസൽ സമർപ്പിച്ച അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 65)

4210-03-102-98—ഹോമിയോ മെഡിക്കൽ കോളേജ്, കോളേജ് ആശുപത്രി, കോളേജ് ഹോസ്റ്റൽ, കോഴിക്കോട്, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് കളിക്കളം നിർമ്മിക്കുന്നതിനും ലൈബ്രറി കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനും നടപ്പ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലാതിരുന്നതിനാൽ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 125 ലക്ഷം രൂപ കളിസ്ഥലം നിർമ്മിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 66)

2210-02-102-97—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

കോഴിക്കോട് ഗവ. ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ ലാബുകളിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനും ശുചീകരണത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും പുതിയ ആശുപത്രി കെട്ടിടത്തിലേയും നിലവിലുള്ള ആശുപത്രി കെട്ടിടത്തിലേയും മരാമത്ത് പണികൾക്കും മറ്റു ചെലവുകൾക്കും നടപ്പ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-97-24—സാധനസാമഗ്രികൾ : 2.9 ലക്ഷം രൂപ

2210-02-102-97-19—യന്ത്രോപകരണങ്ങൾ : 60,000 രൂപ

2210-02-102-97-17—ചെറുകിട മരാമത്ത് പണികൾ : 9.2 ലക്ഷം രൂപ

2210-02-102-97-34-3—മറ്റു ചെലവുകൾ 17.3 ലക്ഷം രൂപ

സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലായിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ അനുവദിച്ച തുകയിൽ നിന്നും കണ്ടെത്തുന്നതാണ്.

ശിപാർശ (ഖണ്ഡിക 67)

2210-05-102-99—<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ടെലിഫോൺ ചാർജ്ജ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ജീവനക്കാരുടെ ദിവസവേതനം എന്നിവയ്ക്കായി നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

02-5 — ദിവസവേതനം : 4.8 ലക്ഷം രൂപ

05-3 — ടെലിഫോൺ ചെലവ് : 1.05 ലക്ഷം രൂപ

12 — സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും : 87.50 ലക്ഷം രൂപ

21 — മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും : 50,000 രൂപ

സ്വീകരിച്ച നടപടി

2210-05-102-99-02-05—ദിവസവേതനം

2020-21 സാമ്പത്തിക വർഷത്തെ ദിവസവേതന വിഭാഗം ജീവനക്കാർക്ക് നിയമനം നൽകാകാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

2210-05-102-99-05-03—ടെലിഫോൺ ചെലവ് :

ധനപുനഃവിനിയോഗം വഴി ജി.ഒ. (ആർറ്റി.) നമ്പർ 5623/2020/ഫിൻ. തീയതി 1-10-2020 പ്രകാരം 80,000 രൂപ ഈ ശീർഷകത്തിൽ ലഭിച്ചു.

2210-05-102-99-12—സ്കോളർഷിപ്പും സ്റ്റൈപ്പന്റുകളും :

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലാതിരുന്നതിനാൽ അഡീഷണൽ ആതറൈസേഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതനുസരിച്ച് ജി.ഒ. (ആർറ്റി.) നമ്പർ 2373/2021/ഫിൻ. തീയതി 16-3-2021 പ്രകാരം 40.8 ലക്ഷം രൂപ ലഭിക്കുകയും ചെയ്തു.

2210-05-102-99-21—<u>മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലായിരുന്നു.

ശിപാർശ (ഖണ്ഡിക 68)

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ് , കോഴിക്കോട്

കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിനും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-102-98-12 | : | 68.30 ലക്ഷം രൂപ |
| 2210-05-102-98-34-1 | : | 6.75 ലക്ഷം രൂപ |
| 2210-05-102-98-34-2 | : | 17.64 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലാതിരുന്നതിനാൽ അഡീഷണൽ ആതറൈസേഷന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല.

ശിപാർശ (ഖണ്ഡിക 69)

2210-02-102-97—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ നിലവിലുള്ള നാല് ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സ്റ്റൈപ്പന്റും നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2210-02-102-97-02-1 | — | വേതനം | : 72,000 രൂപ |
| 2210-02-102-97-02-2 | — | ക്ഷാമബത്ത | : 95,000 രൂപ |
| 2210-02-102-97-12 | — | സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും | : 38.36 ലക്ഷം രൂപ |

<u>സ്വീകരിച്ച നടപടി</u>

2210-02-102-97-02-1—വേതനം &

2210-02-102-97-02-2—ക്ഷാമബത്ത

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് ലഭ്യമല്ലായിരുന്നു.

2210-02-102-97-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും</u>

ധനപുനഃവിനിയോഗം വഴി ടി തുക കണ്ടെത്താനുള്ള ഫണ്ട് 2020-21 സാമ്പത്തിക വർഷം ലഭ്യമല്ലാതിരുന്നതിനാൽ അഡീഷണൽ ആതറൈസേഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതനുസരിച്ച് ജി.ഒ. (ആർറ്റി.) നമ്പർ 1395/2021/ഫിൻ. തീയതി 16-2-2021 ഉത്തരവ് പ്രകാരം 23 ലക്ഷം രൂപ ലഭിക്കുകയും ചെയ്തു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

<u>ശിപാർശ (ഖണ്ഡിക 70)</u>

2210-05-101-60—<u>സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്-സഹായധനം</u>

ഔഷധ സസ്യബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികൾക്കായി നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോവിഡ് മഹാമാരിയെ തുടർന്ന് വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ഔഷധി**

<u>ശിപാർശ (ഖണ്ഡിക 71)</u>

4210-04-190-98—<u>കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ഓഹരി മൂലധന വിഹിതം</u>

പുതിയ ആയുഷ് ഫാർമ പാർക്ക് ഫാക്ടറി നിർമ്മാണത്തിനും കുട്ടനെല്ലൂർ ഫാക്ടറിയുടെ അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 120 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോവിഡ് മഹാമാരിയെ തുടർന്ന്, അനുബന്ധ വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയില്ല എന്നത് കൊണ്ടാണ് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

**ഹോംകോ**

ശിപാർശ (ഖണ്ഡിക 72)

2210-02-195-99—കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം) യുള്ള സഹായം

ഹോംകോയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായ കെട്ടിട നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചില്ല.

## ധനാഭ്യർത്ഥന നമ്പർ XIX

**കുടുംബക്ഷേമം**

ശിപാർശ (ഖണ്ഡിക 73)

2211-00-001-96—സംസ്ഥാനതല സംഘടന (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

2211-00-101-95, 2211-00-109-98, 2211-00-200-91 എന്നീ പ്ലാൻ സ്കീമുകളുടെ വിഹിതം 2020-21 ബഡ്ജറ്റിൽ 2211-00-101-95 പ്ലാൻ സ്കീമിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 8.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2211-00-001-96 പ്ലാൻ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ (ഖണ്ഡിക 74)

2211-00-101-95—സബ്സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)

സബ് സെന്ററുകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 124 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2211-00-101-95 പ്ലാൻ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 75)</u>

2211-00-101-96—<u>ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളും പോസ്റ്റ് പാർട്ടം കേന്ദ്രങ്ങളും (ബ്ലോക്ക് പി.എച്ച്.സി.-കൾ)</u>

ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ (ബ്ലോക്ക് പി.എച്ച്.സി.-കൾ) നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 17.1798 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2211-00-101-96 പ്ലാൻ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 76)</u>

2211-00-200-96—<u>പ്രസവാനന്തര ശുശ്രൂഷ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ മറ്റു പ്രധാന ആശുപത്രികൾ</u>

പ്രസവാനന്തര ശുശ്രൂഷ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മറ്റു പ്രധാന ആശുപത്രികൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് മറ്റു ചെലവുകൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.1949 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2211-00-200-96 പ്ലാൻ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 77)</u>

2211-00-200-94—<u>പ്രസവാനന്തര ശുശ്രൂഷ കേന്ദ്രം-സബ്ഡിവിഷണൽ-താലൂക്ക് ലെവൽ ഹോസ്പിറ്റലുകൾ</u>

പ്രസവാനന്തര ശുശ്രൂഷ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മറ്റു പ്രധാന ആശുപത്രികൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളം,

ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, മറ്റു ചെലവുകൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.5007 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2211-00-200-94 പ്ലാൻ ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമിതി തീരുമാനിച്ച അധിക തുക ലഭ്യമായിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ XX

## <u>ശുദ്ധജലവിതരണവും ശുചീകരണവും</u>

<u>ശിപാർശ (ഖണ്ഡിക 78)</u>

2215-02-105-99—<u>ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ</u>

ശബരിമല തീർത്ഥാടന കേന്ദ്രത്തിലെ മുൻവർഷത്തെ മണ്ഡലകാല ബില്ലുകൾ മാറുന്നതിനും ഈ സാമ്പത്തിക വർഷത്തെ ആവശ്യങ്ങൾക്കും അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുകകൾ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| 2215-02-105-99– 04-1 | — | യാത്രാബത്ത | : 57.85 ലക്ഷം രൂപ |
| 2215-02-105-99-24 | — | സാധന സാമഗ്രികൾ | : 5 ലക്ഷം രൂപ |
| 2215-02-105-99-34-3 | — | മറ്റിനം | : 3.5 ലക്ഷം രൂപ |
| 2215-02-105-99-45 | — | പി.ഒ.എൽ. | : 11.5 ലക്ഷം രൂപ |

<u>സ്വീകരിച്ച നടപടി</u>

2215-02-105-99-04-1—യാത്രാബത്ത ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 10,00,000 രൂപ അധിക ധനമായി ലഭിച്ചിരുന്നു. സമിതി ശിപാർശ ചെയ്ത മറ്റ് ശീർഷകങ്ങളിൽ അധിക ധനം ലഭ്യമായിട്ടില്ല.

വീണാ ജോർജ്ജ്,

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2021 ജൂലൈ 1.